(8) അപകടാനന്തര അന്വേഷണം: അപകടം സംഭവിക്കുമ്പോൾ മുന്നോ അതിൽ കൂടുതലോ വ്യക്തികൾ മരണപ്പെടുകയാണെങ്കിൽ അപകട കാരണങ്ങൾ വ്യക്തമായി കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ബന്ധപ്പെട്ട മേഖലയിലെ ഡി.വൈ.എസ്.പി. യും മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറും അടങ്ങുന്ന കമ്മിറ്റിയെ കേരള റോഡ് സേഫ്റ്റി അതോറിറ്റി നിയോഗിച്ചിട്ടുണ്ട്.

(സി) റോഡ് സുരക്ഷാ ക്ലബ്ബുകൾ ഇപ്പോൾ സ്കൂൾ തലത്തിലാണ് പ്രവർത്തിക്കുന്നത്.

(ഡി) റോഡ് സുരക്ഷാ ക്ലബ്ബുകൾ സ്കൂളുകളിൽ മാത്രമാക്കാതെ സംസ്ഥാനത്തെ കോളേജുളിലേക്കും, സാധ്യമായ മറ്റ് മേഖലകളിലേക്കും വ്യാപിപ്പിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

കെ. എസ്.ആർ.ടി.സി. ബസ്സുകൾമൂലം ഉണ്ടാകുന്ന അപകട നിരക്ക് കുറയ്ക്കുന്നതിനുള്ള നടപടികൾ

140 (590) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. കെ. ബാബു :
ശ്രീ. ജോർജ് മേഴ്സിയർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി. ബസ്സുകൾമൂലം ഉണ്ടാകുന്ന അപകട നിരക്ക് കുറയ്ക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് ;

(ബി) കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ വരുത്തുന്ന അപകടങ്ങളിലെ വർദ്ധനവ് തടയാൻ കഴിഞ്ഞിട്ടുണ്ടോ ; എങ്കിൽ ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി. വരുത്തുന്ന അപകട നിരക്ക് കുറയ്ക്കുന്നതിനായി ശാസ്ത്രീയപഠനങ്ങൾ നടത്തി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഏതൊക്കെ ഏജൻസികളുടെ സേവനങ്ങളാണ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്നത് ;

(ഡി) ഈ വർഷം ഇത്തരത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങൾ നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) അപകടങ്ങൾ ഒഴിവാക്കുന്നതിനായി പരിശീലന പരിപാടികളും ബോധവൽക്കരണ ക്ലാസുകളും നടത്തിവരുന്നു. നിലവിലുള്ള എല്ലാ ഡ്രൈവർമാർക്കും പരിശീലനം നൽകുകയും പുതിയതായി സർവ്വീസിൽ പ്രവേശിക്കുന്ന എല്ലാ ഡ്രൈവർമാർക്കും അപ്പപ്പോൾത്തന്നെ പ്രത്യേക പരിശീലനവും നൽകിവരുന്നു. കൂടാതെ വാഹനം ഓടിക്കുമ്പോൾ ഉണ്ടാകുന്ന തകരാറുകൾ പരിഹരിക്കുന്നതിന് കറക്ടീവ് ട്രെയിനിംഗും അപകടമുണ്ടാക്കുന്ന

LIBRARY ARCHIVES Kerala Legislative Assembly

ഡ്രൈവർമാർക്ക് നിർബന്ധിത ട്രെയിനിംഗും കൗൺസിലിംഗും നൽകിവരുന്നു. അശ്രദ്ധമൂലം അപകടം ഉണ്ടാക്കുന്ന ഡ്രൈവർമാരുടെമേൽ കർശന ശിക്ഷണ നടപടികളും സ്വീകരിച്ചുവരുന്നുണ്ട്. അപകട രഹിതമായി വാഹനം ഓടിക്കുന്ന ഡ്രൈവർമാർക്ക് പാരിതോഷികം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു.

(ബി) കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങളുടെ വർദ്ധനവ് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെട്ട അപകടങ്ങൾ പരിശോധിച്ചതിൽ അപകടനിരക്ക് മുൻവർഷങ്ങളേക്കാൾ ഇപ്പോൾ കുറവാണ്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

വർഷം	അപകടങ്ങൾ (1000 ബസ്സിന്)	അപകടങ്ങൾ (ലക്ഷം കിലോമീറ്ററിന്)
2006	298	0.25
2007	252	0.21
2008	243	0.20
2009	220	0.18
2010 Up to June	110	0.18

(സി) ഇപ്പോൾ പുറത്തുനിന്ന് ഒരു ഏജൻസിയുടേയും സേവനങ്ങൾ ഉപയോഗപ്പെടുത്തുന്നില്ല. എന്നാൽ കെ.എസ്.ആർ.ടി.സി.-യുടെ അഞ്ച് മേഖലാ ഓഫീസർമാർ അപകടങ്ങളെക്കുറിച്ച് വിശദമായി പഠിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ യൂണിറ്റ് തലത്തിൽ ഡ്രൈവർമാർക്ക് ട്രാഫിക് ബോധവൽക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തുവരുന്നു. ബോധവൽക്കരണ ക്ലാസുകൾ നടത്തുന്നതിനായി സമൂഹത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സേവനം ഉപയോഗിച്ചുവരുന്നുണ്ട് (പോലീസ്, ആർ.ടി.ഒ., നാറ്റ്പാക്, ഐ.എം.ജി., സോഷ്യൽ വെൽഫയർ ഓഫീസർ, ക്രിമിനോളജിസ്റ്റ്). ഇവരെ കൂടാതെ മേഖലാ ഓഫീസർമാർ നിർദ്ദേശിക്കുന്ന ഒരു പ്രത്യേക ടീം ബസ്സിൽ യാത്ര ചെയ്ത് ഡ്രൈവർമാർ വാഹനം ഓടിക്കുന്നത് മനസ്സിലാക്കി അവർക്ക് വേണ്ടുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകിവരുന്നു. അപകടം വരുത്തുന്ന ഡ്രൈവർമാർക്ക് കെ.എസ്.ആർ.ടി.സി.-യുടെ ട്രെയിനിംഗ് സെന്ററുകളിൽ കറക്ടീവ് ട്രെയിനിംഗും നൽകിവരുന്നു. അപകട രഹിതമായി വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർക്ക് പാരിതോഷികം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ എല്ലാ വാഹനങ്ങളിലും സ്പീഡ് ഗവർണ്ണർ ഘടിപ്പിച്ചിട്ടുണ്ട്.

ഓരോ അപകടങ്ങളും വിശദമായി പരിശോധിക്കുന്നതിനായി അപകടം നടന്ന സാഹചര്യങ്ങൾ (റോഡ് കണ്ടീഷൻ, വിസിബിലിറ്റി, വാഹനത്തിന്റെ വിവരങ്ങൾ, ഡ്രൈവറുടെ വിദ്യാഭ്യാസവും ഡ്രൈവിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഹാബിറ്റും, എഫ്.ഐ.ആർ.-ന്റെ വിവരങ്ങൾ, അപകടത്തിൽപ്പെട്ട ഇതര വാഹനത്തിന്റെ വിവരങ്ങൾ മുതലായവ) രേഖപ്പെടുത്തി അപകടം ഒഴിവാക്കുന്നതിനായി നടപടികൾ സ്വീകരിക്കുന്നതിന് അക്സിഡന്റ് ഇൻഫർമേഷൻ കൺട്രോൾ സിസ്റ്റവും (AICS) അക്സിഡന്റ് മോണിറ്ററിംഗ് സെൽ (AMC)-ഉം നിലവിൽ പ്രവർത്തിച്ചുവരുന്നു.

ഡ്രൈവർമാരുടെ ഡ്രൈവിംഗ് സംബന്ധിച്ച പോരായ്മകൾ കണ്ടെത്തി അപ്പപ്പോൾ തിരുത്തുന്നതിനും ആവശ്യമെങ്കിൽ അവരെ തിരുത്തൽ പരിശീലനത്തിന് നിയോഗിക്കുന്നതിനും വിദഗ്ധ പരിശീലനം സിദ്ധിച്ച ഡ്രൈവർ ട്രെയിനർമാരുടെ സേവനവും കെ.എസ്.ആർ.ടി.സി. ഫലപ്രദമായി ഉപയോഗിക്കുന്നുണ്ട്.

(ഡി) അപകടനിരക്ക് കുറയ്ക്കുന്നതിന് മുൻകാലങ്ങളിൽ എടുത്തിരുന്ന നടപടികൾക്ക് പുറമെ ഈ വർഷം പുതുതായി അപകടരഹിതമായി വാഹനമോടിക്കുന്ന ഡ്രൈവർമാർക്ക് പാരിതോഷികം നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി. കൂടാതെ ഓരോ അപകടങ്ങളും വിശദമായി പരിശോധിക്കുന്നതിനും അപകടം ഒഴിവാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി അക്സിഡന്റ് മോണിറ്ററിംഗ് സെൽ (AMC) ഈ വർഷം രൂപീകരിക്കുകയുണ്ടായി.

അപകടങ്ങൾ കുറയ്ക്കാൻ സ്വീകരിച്ച നടപടി

141 (591) ശ്രീ. കോവൂർ കുഞ്ഞുമോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹന അപകടങ്ങൾ കുറയ്ക്കാൻ മോട്ടോർ വാഹന വകുപ്പിലെ പരിശോധന സംവിധാനം കൂടുതൽ കർശനമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ ഇതിനകം സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മോട്ടോർ വാഹന വകുപ്പിലെ വാഹനങ്ങളുടെ എണ്ണത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണം വർദ്ധിക്കാത്തത് വാഹനപരിശോധന കർശനമാക്കുന്നതിന് വകുപ്പിന് ബുദ്ധിമുട്ട് വരുത്തുന്നുണ്ട്. മോട്ടോർ വാഹന വകുപ്പിന്റെ ആകെയുള്ള 101 ഓഫീസുകളിലായി 475 വാഹന പരിശോധനാ ഉദ്യോഗസ്ഥർ മാത്രമാണ് നിലവിലുള്ളത്. കഴിഞ്ഞ 20 കൊല്ലത്തിനിടയിൽ വാഹനങ്ങളുടെ എണ്ണത്തിൽ പത്തിരട്ടി വർദ്ധനവ് വന്നപ്പോൾ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ വർദ്ധനവ് നാമമാത്രമായിരുന്നു. ഇപ്പോൾ നിലവിലുള്ള ഉദ്യോഗസ്ഥരെ ഈ ഒരാവശ്യത്തിന് മാത്രമായി നിയോഗിച്ചാൽ പോലും ഈ തലത്തിൽ പ്രതീക്ഷിക്കുന്ന ഫലത്തിന്റെ അടുത്ത് എത്താൻ കഴിയില്ല. ഇത്തരം ഉദ്യോഗസ്ഥൻമാർക്ക് ദൈനംദിനം ചെയ്തുതീർക്കേണ്ട മറ്റ് പല കാര്യങ്ങൾക്കുള്ള സമയം കണക്കാക്കുമ്പോൾ ശരാശരി 10% സമയംപോലും

LIBRARY ARCHIVES Kerala Legislative Assembly